**അനുഭവം**

# അന്ധൻ

*റഫീക്ക് അഹമ്മദ്*

**കോ**ളജിൽ എന്റെ സഹപാഠിയായിരുന്നു മണി. ജന്മനാ അന്ധൻ. പാലക്കാട് ജില്ലയിലെ എവിടെയോ ആണ് അയാളുടെ വീട്. ഹോസ്റ്റലിൽ താമസിച്ചാണ് മണി പഠിച്ചിരുന്നത്. ചില രാത്രികളിൽ ഹോസ്റ്റലിൽ ഞാൻ കൂട്ടുകാരുടെ അതിഥിയായി തങ്ങും. അങ്ങനെയാണ് മണിയുമായി കൂടുതൽ അടുക്കുന്നത്. അന്ധനായ മണിക്ക് പഠനത്തിനും മറ്റു കാര്യങ്ങൾക്കുമെല്ലാം സുഹൃത്തുക്കളുടെ സഹായം വേണം. മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാതെതന്നെ മണി അതെല്ലാം നേടുകയും ചെയ്യും.

കാഴ്ച എന്ന സങ്കല്പം പോലുമില്ലാത്ത മണിയുടെ മനസിൽ ഞങ്ങൾ എന്ന യാഥാർഥ്യം ഏതു രൂപത്തിലായിരിക്കും പ്രതിഫലിക്കുന്നുണ്ടാവുക? ഈ മനോഹരമായ ഭൂമി, ഉദയാസ്തമനങ്ങൾ, നിലാവ്, നക്ഷത്രങ്ങൾ, പക്ഷിമൃഗാദികൾ, സസ്യലതാദി ഇവയത്രയും ഏതു രീതിയിൽ, രൂപത്തിൽ ആയിരിക്കും മണി അനുഭവിക്കുന്നത്? ഞാൻ ഇടയ്ക്ക് ഇങ്ങനെയൊക്കെ ആലോചിക്കാറുണ്ട്. എന്നാൽ മണി അന്ധനാണ് എന്നതോ ആന്ധ്യത്തിന്റെ ഭയാനകതയോ അക്കാലത്ത് എന്നെയോ മറ്റു കൂട്ടുകാരെയോ കാര്യമായി അലട്ടിയിരുന്നില്ലെന്നതാണ് സത്യം. അങ്ങനെയും ഒരാൾ എന്ന് ഞങ്ങളയാളെ ഉൾക്കൊണ്ടു. പലപ്പോഴും മണി ഞങ്ങളുടെ ഒരു തമാശക്കഥാപാത്രമായി. ഒരുപക്ഷേ, മണിക്കും അതൊരനുഗ്രഹമായി തോന്നിക്കാണണം.

മണിയുടെ സവിശേഷത, അയാൾ സദാ പ്രസന്നവദനനാണെന്നുള്ളതായിരുന്നു. വിഷാദഭാവം ആ മുഖത്ത് കണ്ടിട്ടേയില്ല. മണിക്ക് കൈനോട്ടമറിയാം. കൈ നോക്കി മണി പറയുന്ന കാര്യങ്ങൾ മിക്കവാറും ശരിയാണെന്നാണ് എല്ലാവരുടെയും അഭിപ്രായം. കൈനോട്ടത്തിൽ മണിക്ക് യാതൊരുവിധ മയവുമില്ല. അനിഷ്ടകാര്യമായതും വെട്ടിത്തുറന്നുപറഞ്ഞുകളയും.

അങ്ങനെയിരിക്കെ ഒരു രാത്രിയിൽ ഞാൻ ഹോസ്റ്റലിൽ തങ്ങി. രാത്രി എട്ടൊമ്പതു മണി ആയിക്കാണും. ഞാൻ മുറിയിൽനിന്ന് വരാന്തയിലേക്കിറങ്ങി. നീളമേറിയ വരാന്തയുടെ മറ്റേ തലയ്ക്കൽനിന്ന് അപ്പോൾ മണി നടന്നുവരുന്നുണ്ടായിരുന്നു. ഓരോ തൂണുകളിൽ തൊട്ടു തലോടിയാണ് മണിയുടെ നടത്തം. പൊടുന്നനെ കറന്റുപോയി. ഹോസ്റ്റലും പരിസരവുമെല്ലാം കൂരിരുട്ടിൽ മുങ്ങി. എനിക്ക് ദിഗ്ഭ്രമമുണ്ടായി. അപരിമേയമായ ഇരുട്ടിന്റെ മഹാസമുദ്രത്തിൽ ഞാൻ മുങ്ങിത്താഴുകയാണ്. കുറച്ചുസമയം ഞാൻ തികഞ്ഞ അന്ധാളിപ്പിലായി. അധികം വൈകിയില്ല, കറന്റ് വീണ്ടും വന്നു. വീണ്ടും പരിസരമെല്ലാം വെളിച്ചത്തിൽ മുങ്ങി.

അന്നേരം വരാന്തയുടെ അങ്ങേ അറ്റത്ത് ഞാൻ കണ്ടു മണി സാവധാനത്തിൽ നടന്നുവരിക തന്നെയാണ്. അയാൾ അപ്പോഴും തൂണുകൾ ഓരോന്നായി തപ്പിക്കൊണ്ടിരിക്കുന്നു. ദൈവമേ! ഒരുനിമിഷം മുമ്പ് ഞാനകപ്പെട്ട അതേ ഇരുട്ടിൽതന്നെയാണല്ലോ ഇപ്പോഴും എല്ലായ്പോഴും മണി എന്ന സത്യം. എത്രയോ കാലങ്ങളായി അയാൾ അതേ ഇരുട്ടിൽതന്നെ ആയിരുന്നു എന്നും ഇരുളടഞ്ഞ എത്രയോ വർഷങ്ങൾ ഇനിയും അയാൾ തപ്പിത്തടഞ്ഞു നടക്കേണ്ടിയിരിക്കുന്നു എന്നും ഒരു നടുക്കത്തോടെ ഞാനപ്പോളറിയുകയായിരുന്നു. അന്ധൻ തട്ടിത്തടഞ്ഞലയുന്ന ഘോരതമസിന്റെ വനാന്തരത്തെക്കുറിച്ച് സങ്കല്പിക്കാനോ തിരിച്ചറിയാനോ കഴിയാതെപോയ എന്റെ ആന്ധ്യത്തെക്കുറിച്ചോർത്ത് ആകുലനായി ഞാനാ വരാന്തയിൽ ഒട്ടുനേരം നിന്നുപോയി.

വർഷങ്ങൾ പലതു കഴിഞ്ഞു. പലരും പലവഴിക്കായി. പലരെയും തിരിച്ചറിയാതെയായി. പല മുഖങ്ങളും ഓർമയിൽ നിന്നേ മാഞ്ഞുപോയി. എത്രയോ അന്ധരെ, ബധിരരെ, മൂകരെ, അംഗവിഹീനരെ വഴിയിൽ വച്ചു കണ്ടു മറന്നുപോയി. ആ അന്ധൻ ഞാനാണല്ലോ എന്ന കുടിലമായ ഒരാശ്വാസത്തോടെ എന്റെ ദിനങ്ങൾ കടന്നുപോയി. കാഴ്ചകളുടെ സാധാരണത്വം തിമിരമായി. തിമിരക്കാഴ്ചയിലൂടെ അനവഭവേതീവ്രതകൾ ഉൾക്കണ്ണിലേക്ക് അരിച്ചിറങ്ങാതെയായി.

ഗുരുവായൂരിൽ എന്തോ ആവശ്യത്തിനായി എത്തിയതായിരുന്നു ഞാൻ. പടിഞ്ഞാറെ നടയിൽ ഒരു ഹോട്ടലിനു മുന്നിൽ അതാ നില്ക്കുന്നു മണി. ആൾ സ്വല്പം തടിച്ചിട്ടുണ്ട്. വേറെ പ്രകടമായ മാറ്റങ്ങളൊന്നുമില്ല. പ്രായഭേദങ്ങൾ വ്യക്തമാകാത്ത അതേ പ്രസന്ന മുഖഭാവം. ആഗോചര പ്രകൃതിക്കു



നേരെ ചിരിതൂകിക്കൊണ്ടോ, ഏതോ ഉൾക്കാഴ്ചയുടെ ആനന്ദാനുഭവത്തിൽ മുഴുകിയോ അയാളങ്ങനെ വെറുതെ നില്ക്കുകയാണ്.

മണിയുടെ മുഖം അത്ര പെട്ടെന്നു മറക്കാനാവുന്ന ഒന്നല്ലല്ലോ. അന്ധർക്കൊക്കെയും പൊതുവായ ഒരു മുഖച്ഛായ ഉണ്ടെങ്കിൽപോലും.

'മണിക്ക് എന്ന മനസിലായോ'

ഞാൻ സാവധാനം ആളെ സമീപിച്ച് ചോദിച്ചു.

'ആരാ?' ഏതോ രൂപരഹിതമായ കാഴ്ചയുടെ വിസ്മയത്തിൽനിന്നു ഞെട്ടിയെന്നവണ്ണം മണി ചോദിച്ചു. ഞാൻ മിണ്ടിയില്ല. മണിയുടെ കരങ്ങൾ പതുക്കെ നീണ്ടുവന്നു. അവ എന്റെ വലംകൈ കവർന്നെടുത്തു. പിന്നെ പതുക്കെ അയാളെന്റെ കൈവെള്ളയിൽ പരതാൻ തുടങ്ങി. നിർജീവങ്ങളായ ആ കണ്ണുകളിൽ അവ്യാഖ്യേയമായ ഏതോ വെളിച്ചം മിന്നിമറഞ്ഞുവോ? ഏതോ ആഴത്തിൽനിന്നെന്നപോലെ മണി പറഞ്ഞു.

"ങ്ഹാ... മനസിലായി,

റഫീക്കല്ലേ?"

ഇന്ദ്രിയബദ്ധമായ അറിവുകളുടെ പതുരക്കളങ്ങളിൽ എന്റെ കാലടിക്കീഴിലെ മണ്ണ് ഒലിച്ചുപോകുന്നതായി തോന്നി. അന്ധന്റെ കൈകളിൽ മുറുകെപ്പിടിച്ച് ഞാൻ നിന്നു.

വന്ന വഴികളിലത്രയും ഇരുട്ടായിരുന്നല്ലോ എന്നു ഞാനറിഞ്ഞു.